LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ

150 (3660) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് പരമാവധി 50,000 രൂപ വീതമാണ് അനുവദിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസന പദ്ധതി പ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഇക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റ്/ സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നു.

കേരള ജലകൃഷി വികസന ഏജൻസി, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി എന്നിവിടങ്ങളിലെ നിയമനം

151 (3661) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലകൃഷി വികസന ഏജൻസി (എഡിഎകെ), ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി (എഫ്ഐആർഎം എ) എന്നിവിടങ്ങളിൽ നാളിതുവരെ എത്ര താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ തസ്തിക സഹിതം അറിയിക്കാമോ?

ഉത്തരം

(എ) കേരള ജലകൃഷി വികസന ഏജൻസിയിൽ (എഡിഎകെ) 54 ജീവനക്കാരേയും ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസിയിൽ (എഫ്ഐആർഎംഎ) 5 താല്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാടായി, കടന്നപ്പള്ളി റോഡും പാലവും നിർമ്മാണം

152 (3662) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി,രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കല്ല്യശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡായ മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly